"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കൊവിഡ് 19 രണ്ടാം തരംഗം തുടരുന്ന സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2021-22 വർഷത്തെ വ്യാപാര - വ്യവസായ സ്ഥാപനങ്ങളുടെ ലൈസൻസ് പിഴയില്ലാതെ പുതുക്കുന്നതിന്റെ കാലാവധി 31.12.2021 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർസി) വകുപ്പ്**

സ.ഉ.(സാധാ) നം.1683/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 06/09/2021

---

പരാമർശം:-

1. 25.02.2021 തീയതിയിലെ സ.ഉ.(സാധാ) നം. 581/2021/തസ്വഭവ
2. 19.05.2021 തീയതിയിലെ സ.ഉ.(സാധാ) നം. 1016/2021/തസ്വഭവ
3. 03.07.2021 ലെ സ.ഉ.(സാധാ) നം. 1253/2021/ത.സ്വ.ഭ.വ.

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് കൊവിഡ് 19 ന്റെ രണ്ടാം തരംഗം വ്യാപകമായ സാഹചര്യം പരിഗണിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2021-22 വർഷത്തെ വ്യാപാര - വ്യവസായ സ്ഥാപനങ്ങളുടെ ലൈസൻസ് പിഴയില്ലാതെ പുതുക്കുന്നതിന്റെ കാലാവധി 31.08.2021 വരെ നീട്ടി നൽകി പരാമർശം 2 പ്രകാരം ഉത്തരവായിരുന്നു. കൂടാതെ, പരാമർശം 2 ഉത്തരവിന്റെ ആനുകൂല്യം മുൻവർഷങ്ങളിൽ ലൈസൻസ് പുതുക്കാത്തവർക്കും 2021-22 വർഷത്തേക്ക് പുതുക്കാൻ അപേക്ഷിക്കുന്നവർക്കും ബാധകമായിരിക്കുന്നതാണ് എന്ന് വ്യക്തമാക്കിക്കൊണ്ട് പരാമർശം 3 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) കൊവിഡ് 19 രണ്ടാം തരംഗം തുടരുന്ന സാഹചര്യത്തിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 2021-22 വർഷത്തെ വ്യാപാര - വ്യവസായ സ്ഥാപനങ്ങളുടെ ലൈസൻസ് പിഴയില്ലാതെ പുതുക്കുന്നതിന്റെ കാലാവധി 31.12.2021 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ ഉത്തരവിന്റെ ആനുകൂല്യം മുൻവർഷം ലൈസൻസ് പുതുക്കാത്തവർക്കും, 2021-22 വർഷത്തേക്ക് പുതുക്കാൻ അപേക്ഷിക്കുന്നവർക്കും ബാധകമായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സൗരഭ് ജെയിൻ
സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (ബന്ധപ്പെട്ട ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I / ഓഡിറ്റ്-II), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ. & പി. ആർ. ഡി. - വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ആർസി3/108/2019/ത.സ്വ.ഭ.വ).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- 1) ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.
2) തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി. എ
3) തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ സി. എ